## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1420** **18-01-2021 - ൽ മറുപടിയ്ക്ക്**

## അതിർത്തി വ്യത്യാസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ വില്ലേജും ഇടുക്കി ജില്ലയിലെ കുമാരമംഗലം വില്ലേജും തമ്മിലുള്ള അതിർത്തി വ്യത്യാസം വരുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (ബി) | എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ 7,8 വാർഡുകളിൽപ്പെടുന്ന സ്ഥലങ്ങൾ മഞ്ഞള്ളൂർ പഞ്ചായത്തിൽ ഉൾപ്പെട്ടതിനാലും മഞ്ഞള്ളൂർ വില്ലേജിനോട് കൂടുതൽ സാമീപ്യമുള്ളതിനാലും മഞ്ഞള്ളൂർ വില്ലേജിൽ ഉൾപ്പെടുത്താമെന്നും ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിലെ കോടിക്കുളം, കുമാരമംഗലം വില്ലേജുകളിൽപ്പെട്ട ചില സ്ഥലങ്ങൾ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിലെ കടവൂർ വില്ലേജിൽ ഉൾപ്പെടുത്തുന്നതും പൊതു ജനങ്ങൾക്കും സുഗമമായ ഭരണ പ്രവർത്തനങ്ങൾക്കും സൗകര്യപ്രദമാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എറണാകുളം ജില്ലാ കളക്ടർ ഹാജരാക്കിയിരുന്ന റിപ്പോർട്ടിൽ മൂവാറ്റുപുഴ താലൂക്കിനും എറണാകുളം ജില്ലക്കുമുണ്ടായിരുന്ന വിസ്തീർണ്ണ വ്യത്യാസങ്ങൾ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ ആയവ കൂടി ചേർത്ത് റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ